**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2461** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി റിക്രൂട്ട്മെന്റ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. സജീവ് ജോസഫ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടക്കുന്നുണ്ട്; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വ്യവസായ വകുപ്പിനു കീഴിലുള്ള 34 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടത്തുന്നുണ്ട്. ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ ഉത്പന്നങ്ങളുടെ വിറ്റുവരവിലൂടെ നേടുന്ന വരുമാനത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. വർക്കർ വിഭാഗം ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിൽ സമയബന്ധിതമായി നിയമനം നടത്തിയാൽ മാത്രമേ സ്ഥാപനങ്ങൾക്ക് പൂർണ്ണതോതിൽ പ്രവർത്തിച്ച് പ്രവർത്തനലാഭം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഓരോ കമ്പനികളുടെയും പ്രവർത്തനസ്വഭാവവും അവ നിർമിക്കുന്ന ഉത്പന്നവും അനുസരിച്ച് തസ്തികകളുടെ സ്വഭാവത്തിലും, അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിലും, ശമ്പള സ്കെയിലിലും അവയിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രയോഗിക പരീക്ഷ ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് |

| | | | |
|---|---|---|---|
| | | | രീതികളിലും വ്യത്യാസമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നേരിട്ടാണ് നടത്തിവരുന്നത്. ആയത് കൂടുതൽ സുതാര്യവും ഏകോപനത്തോടെയും നടപ്പിലാക്കുന്നതിനാണ് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡിലൂടെ ലക്ഷ്യമിടുന്നത്. ബോർഡ് മുഖേനയുള്ള നിയമന പ്രക്രിയ ഒരു തരത്തിലും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തെ ബാധിക്കുന്നതല്ല. |
| (സി) | ഇക്കാര്യത്തിൽ പി.എസ്.സി.യുടെ അഭിപ്രായമാരാഞ്ഞിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയിക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ